# തീരദേശ മണൽ പ്രദേശത്തെ രാമച്ചകൃഷി

തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ചാവക്കാട് മുതൽ പുതുപൊന്നാനി വരെ തീരപ്രദേശം വഴി സഞ്ചരിച്ചാൽ സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ കാണാത്ത വേറിട്ട ഒരു കാർഷിക സംസ്കാരം കാണാം. ഇവിടെ മണൽ മണ്ണിൽ ഏകദേശം 600 ഏക്കറോളം പ്രദേശത്ത് കൃഷി ചെയ്യുന്ന രാമച്ചം ഒറ്റ നോട്ടത്തിൽ നെൽവയലുകളാണെന്നേ തോന്നൂ. ഏകവർഷ വിളയായി വളരുന്ന ഈ സുഗന്ധതൈല ഔഷധസസ്യം വർഷകാലത്തെ വെള്ളക്കെട്ടും വേനലിലെ പൊള്ളുന്ന ചൂടും സഹിച്ച് വളരുന്നു. ഇത്തരമൊരു പരിതസ്ഥിതിയിൽ ഈ പ്രദേശത്ത് രാമച്ചം പോലെ അനുയോജ്യമായ ഒരു വിള ഇല്ലെന്നുതന്നെ പറയാം.

ഈ മണൽ പ്രദേശത്ത് രാമച്ചത്തിന്റെ കൃഷിപ്പണികൾ മുഖ്യമായും നടക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. ഈ സമയത്ത് ഇവിടെ എത്തിയാൽ ഒരേ പാടശേഖരത്തിന്റെ വിവിധഭാഗങ്ങളിലായി വിളവെടുപ്പ്, വേരു ശേഖരണം, നിലമൊരുക്കൽ, അടുത്ത വിളയുടെ നടീൽ എന്നിവ തകൃതിയായി നടക്കുന്ന അപൂർവ്വ കാഴ്ച കാണാം. രാവിലെ 6 മണിയ്ക്ക് തുടങ്ങുന്ന കൃഷിപ്പണികൾ ഉച്ച വരെ നീളുന്നു. പൊരിയുന്ന ചൊരിമണലിൽ നിന്നുകൊണ്ട് അതിനു ശേഷം ജോലി ചെയ്യുക അസാദ്ധ്യം.



വേരുമുറിച്ചുമാറ്റിയ ചിനപ്പുകളാണ് നടീൽ വസ്തു. നല്ല ചിനപ്പുകൾ നാലിഞ്ച് നീളത്തിൽ മുറിച്ച് ചണചാക്കുകളിലാക്കി നനച്ചുകൊടുക്കുന്നു. 2–3 ദിവസത്തിനുള്ളിൽ മുളപൊട്ടുന്ന ചിനപ്പുകൾ നടുവാൻ ഉപയോഗിക്കുന്നു.

വിളവെടുപ്പിനുശേഷം കച്ചിയും മറ്റ് അവശിഷ്ടങ്ങളും പലയിടങ്ങളിലായി കൂട്ടിയിട്ട് കത്തിച്ച ശേഷം പാടം കണ്ടങ്ങളാക്കി തിരിച്ച് നടുവാൻ തയ്യാറാക്കുന്നു. മുളപൊട്ടിയ ചിനപ്പുകൾ അരയടി അകലത്തിൽ മണലിൽ പൂഴ്ത്തി നടുന്നു. മുളച്ചു പൊങ്ങുന്നതു വരെ ദിവസേന നനയ്ക്കുന്നു.

4–5 ദിവസംകഴിഞ്ഞാൽ നനയുടെ ഇടവേള കൂട്ടാം. മഴ ലഭിക്കുന്നതു വരെ ആവശ്യാനുസരണം നന തുടരുന്നു. നട്ട് രണ്ടാം മാസവും നാലാം മാസവും ഏക്കറിന് 70 മുതൽ 80 കിലോ നിരക്കിൽ കടലപ്പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നു. ഒന്നു രണ്ട് പ്രാവശ്യം കളയെടുപ്പ് നടത്തി മണ്ണണയ്ക്കുന്നു.

തുടർന്ന്, ഓഗസ്റ്റ് – സെപ്റ്റംബർ ആകുമ്പോൾ ഏക്കറിന് 150 മുതൽ 200 കിലോ ഫാക്ടംഫോസ് കൂടി ചേർക്കുന്നതാണ് വളപ്രയോഗരീതി. രാമച്ചപ്പുല്ലിന്റെ തലപ്പുകൾ ഇടയ്ക്കിടെ കോതുന്നത് കൂടുതൽ ചിനപ്പുകളുണ്ടാകാൻ സഹായിക്കും.

ഒരു വർഷമാകുന്നതോടെ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വിളവെടുക്കുന്നു

വേരു കിളച്ചെടുക്കുന്നതിനു മുമ്പ് ഉണങ്ങിത്തുടങ്ങിയ ചെടികളുടെ തലപ്പ് മുറിച്ചു മാറ്റും. അതിനു ശേഷം താഴ്ചയിൽ മണൽ കിളച്ച് മാറ്റി വേരു പൊട്ടാതെ കടകൾ പിഴുതെടുക്കുന്നു. കടകൾ ചുഴറ്റിയുലച്ച് മണൽ നീക്കിയശേഷം വേര് മുറിച്ചെടുത്ത് ചെറിയ കെട്ടുകളാക്കുന്നു. ഇത്തരം 20 25 കെട്ടുകൾ ഒന്നിച്ച് കയറിട്ട് കെട്ടി ബെയിലുകളാക്കി (യമഹല) വിപണനം ചെയ്യുവാൻ തയ്യാറാക്കുന്നു. ഓരോ ബെയിലും 45 മുതൽ 50 കിലോ തൂക്കമുണ്ടാകും. ഒരു ഏക്കറിൽ നിന്ന് 100 മുതൽ 150 കെട്ടുവരെ ലഭിക്കും.

ഇതരവിളകൾ കൃഷിചെയ്യുവാൻ ഉപയുക്തമല്ലാത്ത ഈ മണൽ മണ്ണിൽ വർഷങ്ങളായി രാമച്ചം കൃഷി ചെയ്യുന്ന ഇവിടുത്തെ കർഷകർ തികഞ്ഞ പ്രോൽസാഹനം അർഹിക്കുന്നു. കേരളത്തിൽ ഈ പ്രദേശത്തു മാത്രം കാണപ്പെടുന്ന ഈ പരമ്പരാഗത കൃഷി സംരക്ഷിക്കുവാനും ആദായകരമായി നിലനിർത്തി കൊണ്ടുപോകുവാനും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.